***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ:** vig.vacb@kerala.gov.in
**ഫോൺ:** 0471-2305393
**തീയതി:** 23.02.2022

## മുൻ ഗ്രാമ പഞ്ചായത്ത് സ്പെഷ്യൽ സെക്രട്ടറിയെ വിജിലൻസ് കോടതി ശിക്ഷിച്ചു.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന നവാസ് പി യെ 20000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ വിജിലൻസ് കോടതി 3 വർഷം കഠിന തടവിനും 100000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

മലപ്പുറം ചുങ്കത്തറ സ്വദേശിയായ ശ്രീ ബേബി ചുങ്കത്തറയിൽ നിർമ്മിക്കുന്ന കെട്ടിടതിനുള്ള പെർമിറ്റിനു വേണ്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. മാസങ്ങൾ കഴിഞ്ഞിട്ടും പെർമിറ്റ് ലഭിക്കാത്തതിനെ തുടർന്ന് ബേബി പഞ്ചായത്ത് സെക്രട്ടറിയെ സമീപിച്ചപ്പോൾ കടമുറിക്ക് പെർമിറ്റ് നൽകണമെങ്കിൽ 250000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ടു, തുടർന്ന് ഇത്രെയും തുക നൽകുവാൻ നിർവാഹമില്ലയെന്നു അറിയിച്ചതിനെ തുടർന്ന് 20000/- രൂപയാക്കി കൈക്കൂലി തുക കുറച്ചു നൽകി. പരാതിക്കാരനായ ശ്രീ ബേബി ഇക്കാര്യം അന്നത്തെ മലപ്പുറം വിജിലൻസ് യൂണിറ്റ് ഡി വൈ എസ് പി ആയിരുന്ന ശ്രീ അബ്ദുൽ ഹമീദിനെ അറിയിക്കുകയും തുടർന്ന് വിജിലൻസ് സംഘം കെണിയൊരുക്കി 2008 മാർച്ച് മാസം 26 ആം തീയ്യതി ഓഫീസ് പരിസരത്ത് വച്ച് 20000/- രൂപ കൈക്കൂലി വാങ്ങവേ നവാസിനെ കയ്യോടെ പിടികൂടുകയാണുണ്ടായത്.

തുടർന്ന് ഇൻസ്പെക്ടർമാരായ ജ്യോതികുമാർ, കെ എൽ രാധാകൃഷ്ണൻ എന്നിവർ അന്വേഷണം നടത്തി കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ച കേസിലാണ് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന

നവാസിനെ വിവിധ വകുപ്പുകളിലായി 3 വർഷം കഠിന തടവിനും 10,0000/- രൂപ പിഴ ഒടുക്കുന്നതിനും, കോഴിക്കോട് വിജിലൻസ് കോടതി ശിക്ഷിച്ചത്, പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം കൂടി കഠിന തടവ് അനുഭവിക്കണമെന്നും വിധി ന്യായത്തിൽ പറയുന്നു. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. വി കെ ഷൈലജൻ ഹാജരായി.